എൻഡോസൾഫാൻ

# വിദഗ്ധ ചികിത്സയ്ക്കായി മൂന്ന് കുട്ടികൾ മെഡിക്കൽ കോളേജിൽ

**കോഴിക്കോട്:** കാസർകോട്ടെ എൻഡോസൾഫാൻ വിഷബാധയെ തുടർന്ന് അസുഖം ബാധിച്ച മൂന്ന് കുട്ടികൾ വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലെത്തി.

മണിയമ്പാറ ദേവനായകിന്റെ മകൻ ഉദയകുമാർ (13), വാണിനഗർ പഡ്രെ - ബഡിയാരു രത്നത്തിന്റെ മകൻ അനിൽകുമാർ (14) പഡ്രെയിലെ ഗിരിജയുടെ മകൾ സന്ധ്യ (7) എന്നിവരാണ് ചികിത്സതേടിയെത്തിയത്.



കാസർകോട് പെർളയിൽ നിന്നുള്ള സന്ധ്യ, അനിൽകുമാർ ഉദയകുമാർ എന്നിവർ സന്ധ്യയുടെ അമ്മ രത്നത്തോടൊപ്പം മെഡിക്കൽ കോളേജിൽ എത്തിയപ്പോൾ

കഴിഞ്ഞ ആഗസ്റ്റ് 16ന് പെർളയിൽ എൻഡോസൾഫാൻ ഇരകളുടെ ചികിത്സക്കായി ക്യാമ്പ് നടത്തിയിരുന്നു. ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയിൽ കഴിഞ്ഞ 17ന് നടത്തിയ ക്യാമ്പിലാണ് ഇവർക്ക് വിദഗ്ധ ചികിത്സ നിർദേശിച്ചത്.

അനിൽകുമാറിന് ഹൃദയസംബന്ധമായ വൈകല്യങ്ങളാണുള്ളത്. ഉദയകുമാറിന് വയറിനാണ് അസുഖം.

ഏഴുവയസ്സുകാരി സന്ധ്യക്ക് ജന്മനാ കാഴ്ചവൈകല്യമുണ്ടെന്ന് അമ്മ രത്നം പറഞ്ഞു.

തിങ്കളാഴ്ച വൈകുന്നേരം ഇവിടെയെത്തിയ മൂന്നുപേർക്കും പ്രാഥമിക പരിശോധനകൾ നടത്തി. തുടർ ചികിത്സ ഉടനടി ലഭ്യമാക്കുമെന്ന് ആസ്പത്രി അധികൃതർ പറഞ്ഞു.

ആരോഗ്യവകുപ്പ് ജീവനക്കാരാണ് ഇവരെ മെഡിക്കൽ കോളേജിലെത്തിച്ചത്. ജില്ലാ പഞ്ചായത്തിന്റെ ധനസഹായമുണ്ട്.